(ബി) ചോദ്യം (എ) യിൽ പരാമർശിച്ച പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം

	പഞ്ചായത്ത്	എൽ.പി. എസ്.	യു.പി. എസ്.	ഹൈസ്കൂൾ	ഹയർ സെക്കണ്ടറി സ്കൂൾ	വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
1	എലത്തൂർ	1632	861	2851	..	..
2	തലക്കളത്തൂർ	998	1185	673	..	..
3	അത്തോളി	734	1542	1552	109	120
4	ബാലുശ്ശേരി	1440	569	3728	676	114
5	നന്മണ്ട	736	1917	1260	668	..
6	പനങ്ങാട്	700	1817	1209	..	..
7	ഉള്ള്യേരി	649	1921	1145	326	..

എൻ. സി. സി., സ്കൗട്ട് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

32 [1432] ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.സി.സി. കേഡറ്റുകൾക്ക് ഒഴിവുദിവസങ്ങളിൽ സ്വകാര്യബസ്സുകളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും നിലവിൽ കൺസഷൻ അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് വിദ്യാർത്ഥികൾക്ക് ഈ ഇളവ് അനുവദിച്ചത്;

(സി) എൻ. സി. സി. കേഡറ്റുകൾക്ക് പുതുതായി എന്തെങ്കിലും ഇളവുകളോ സൗജന്യമോ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എൻ.സി.സി., സ്കൗട്ട് എന്നിവയിൽ ചേർന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് യാത്രാ ഇളവുകൾക്ക് പുറമെയായി സർക്കാർ നൽകുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2005 ജനുവരി 6-ാം തീയതി മുതൽ

(സി) പുതുതായി പ്രഖ്യാപിച്ചിട്ടുള്ള ഇളവുകളുടെ ഉത്തരവ് ഉള്ളടക്കം ചെയ്തിട്ടുണ്ട് [(സ.ഉ.സാ.) 11/2005/ട്രാൻ തീയതി 6-1-2005].

(ഡി) എൻ. സി. സി. കേഡറ്റുകൾക്ക് നിലവിലുള്ള ആനുകൂല്യങ്ങൾ:

(എ) സീറ്റ് സംവരണം

1. മെഡിക്കൽ വിഭാഗം—8 സീറ്റ്
2. എഞ്ചിനീയറിംഗ്—30 സീറ്റ്
3. പോളിടെക്നിക്ക്—30 സീറ്റ്

(ബി) ബോണസ് മാർക്ക്

1. +2 കോഴ്സ്—10 മാർക്ക്
2. ഡിഗ്രി കോഴ്സ്—15 മാർക്ക്
3. ബിരുദാനന്തര ബിരുദം—5 മാർക്ക്
4. ബി. എഡ്. കോഴ്സ്—5 മാർക്ക്
5. റ്റി.റ്റി.സി.—10 മാർക്ക്

കൂടാതെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റുകൾക്ക് 3, 5, 5 മാർക്കുകൾ ബോണസായി ലഭിക്കും.

(സി) ഗ്രേസ് മാർക്ക്

1. എസ്.എസ്.എൽ.സി.—10%
2. +2 പരീക്ഷ—10%

(ഡി) 1. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ദേശീയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് 5%, 4% മാർക്കുകൾ വീതവും 'ബി', 'സി' സർട്ടിഫിക്കറ്റുകൾക്ക് 2%, 3% മാർക്കുകൾ വീതവും നൽകിവരുന്നു.

2. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ ബിരുദത്തിന് ഓരോ സീറ്റ് സംവരണം ചെയ്തിരിക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ബിരുദത്തിന് ആർട്ട്സ്/കൊമേഴ്സ് വിഷയങ്ങൾക്കും-എം. ബി. എ.ക്കും എൽഎൽ.ബി.ക്കും ഓരോ സീറ്റ് സംവരണം ചെയ്തിരിക്കുന്നു.

സ്കൗട്ടുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly